കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ./കെ.എൻ.ആർ./സി.8/671/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയതി : 30.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ 1-12, 1-13 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

കെ.എസ്.എ./കെ.എൻ.ആർ./സി.8/671/2020 തീയതി: 30.09.2020

## കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 04-02-2019 മുതൽ 31-03-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ശശികുമാർ . എം . പി.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06-07-2020മുതൽ 17-07-2020വരെ | |
| | | | |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ലീലാകൃഷ്ണൻ.എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശോഭ.യു.പി. | 01-04-18 മുതൽ 31-03-19വരെ |
| സെക്രട്ടറി | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ | 01-04-18 മുതൽ 31-03-19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.രാജീവൻ.ടി | 01-04-2018 മുതൽ 31-03-19വരെ |
| കൃഷി ഓഫീസർ | ശ്രീ.വിനീത്.പി വി | 01-04-2018 മുതൽ 31-03-19വരെ |
| മെഡിക്കൽഓഫീസർ(പി.എച്ച്.സി) | ഡോ.ഷറീജ് ജനാർദനൻ | 01-04-2018 മുതൽ 31-03-19വരെ |
| വെറ്ററിനറി സർജൻ | ഡോ.രവി പ്രസാദ് | 01-04-2018 മുതൽ 31-03-19 വരെ |
| വി.ഇ.ഒ(മാനന്തേരി) | ശ്രീമതി.രാജശ്രീ.വി | 01-04-2018മുതൽ 31-03-19വരെ |
| വി.ഇ.ഒ(കണ്ണവം) | ശ്രീമതി.വിനയ.കെ | 01-04-2018മുതൽ 31-03-19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുശീല എസ് | 01-04-2018 മുതൽ 31-03-19 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.നിഷ | 1-04-2018 മുതൽ 16- |

| | | |
|---|---|---|
| | അച്ചുതൻ | 03-19വരെ |
| | ശ്രീ. സുഗതൻ എം. ഹെഡ് ക്ലാർക്ക് (അഡീഷണൽ ചാർജ്) | 17-03-2019 മുതൽ 20-03-2019 വരെ |
| | ശ്രീ.പോൾ.എം.ഒ | 21-03-2019മുതൽ 31-03-19വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുധാകരൻ | 01-04-2018മുതൽ 31-03-19വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1. | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല | 1-12 |
| 13 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ കാലികമാക്കേണ്ടതാണ് | 1-13 |
| 14 | ഇ-പെയ്മെന്റ് സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. | 1-14 |
| 15 | റേഷൻകടകൾക്കും കള്ള് ഷാപ്പുകൾക്കും ലൈസൻസില്ല | 1-15 |
| 16 | സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-16 |
| | | |

| | | |
|---|---|---|
| 17 | അനർഹമായി ഉത്സവ ബത്ത നല്കി-ചെലവു തുക ₹2750/ നിരാകരിക്കുന്നു | 1-17 |
| 18 | തെരുവുവിളക്കു പരിപാലനം-ഉപഭോഗത്തിനനുസൃതമായിട്ടാണ് തുക അടവാക്കുന്നതെന്ന് ഉറപ്പുവരുത്തണം | 1-18 |
| 19 | അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. | 1-19 |
| 20 | മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നത് സംബന്ധിച്ച്. | 1-20 |
| 21 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണനിർണയ ക്യാമ്പ് -പരിശോധകർക്ക് ഹോണറേറിയം നൽകിയത് - ₹7,500 ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി - ഭവനനിധി രൂപീകരിച്ചില്ല | 1-22 |
| 23 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ | 1-23 |
| 24 | പാലിയേറ്റീവ് കെയർ - രോഗികളുടെ പേരു വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല | 1-24 |
| 25 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-25 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19ലെ ബജറ്റ് 28-03-2018 തീയതിയിലെ 66/2018 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21-02-2019-ലെ 31/19നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| വിവരണം | തുക(₹) | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,34,22,392 | 1,40,19,514 |
| പിരിവ് | 13,18,59,700 | 13,73,12,132 |
| ആകെ | 14,52,82,092 | 15,13,31,646 |
| ചെലവ് | 13,10,46,050 | 13,53,60,150 |
| നീക്കിയിരിപ്പ് | 1,42,36,042 | 1,59,71,496 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ തിരിച്ചയച്ച |
|---|---|---|

| തീയതി | തീയതി | തീയതി |
|---|---|---|
| 31-07-19 | 20-5-2019 | തിരിച്ചയച്ചിട്ടില്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14019514.75 |
| വരവ് | 70781230 |
| ആകെ | 84800744.75 |
| ചെലവ് | 60417366 |
| നീക്കിയിരിപ്പ് | 24383378.75 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13959000 | 13959000 | 13632900 | 326100 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 588000 | 588000 | 440300 | 147700 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2470000 | 2470000 | 2320049 | 149951 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5516000 | 5516000 | 5516000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3082000 | 3082000 | 1945536 | 1136464 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6480000 | 6480000 | 5866486 | 613514 |
| ദുരിതാശ്വാസനിധി | | 50504 | 17690 | 68194 | 56000 | 12194 |
| സാക്ഷരത | | 19671 | 41309 | 60980 | 89 | 60891 |
| | തൊഴിലാ | | 37956493 | 37956493 | 37956493 | |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | ളികളുടെ കൂലി | | | | | |
| | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 19107 | 602731 | 621838 | 586114 | 35724 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് സെൻട്രൽഷെയർ | | 177794 | 794063 | 971857 | 741050 | 230807 |
| ടോട്ടൽ സാനിറ്റേഷൻ | | 829939 | 543399 | 1373338 | 150089 | 1223249 |
| തൊഴിൽ രഹിത വേതനം | | 0 | 193080 | 193080 | 193080 | 0 |
| വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം | | 0 | 180000 | 180000 | 180000 | 0 |
| NREGA നൂറ് ദിവസം പൂർത്തിയാക്കിയതിനുള്ള റിവാർഡ് | | 0 | 63000 | 63000 | 63000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3171257 | 3171257 | 3171257 | 0 |
| | ജില്ല പഞ്ചായത്ത് | 0 | 2602764 | 2602764 | 2462764 | 140000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 9842104 | - | - | - |

പ്രത്യേകമായി എ സി ആർ സൂക്ഷിക്കാത്തതിനാൽ തുക രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 140 | 77007360 | 110 | 46322558 | 37 | 91 | 30 | 65 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം</u>

| ക്രമ | നിർവ്വഹണ | പദ്ധതികളുടെ | നടപ്പിലാ | അടങ്കൽ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|---|

| നം | ഉദ്യോഗസ്ഥൻ | എണ്ണം | ക്കിയത് | തുക | തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 22 | 15 | 6397742 | 4204661 | 65.72 |
| 2 | അസിഎഞ്ചിനീയർ | 53 | 38 | 25559378 | 14307866 | 55.98 |
| 3 | കൃഷി ഓഫീസർ | 12 | 12 | 4180215 | 3506478 | 83.88 |
| 4 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 04 | 04 | 1000000 | 887272 | 88.73 |
| 5 | വെറ്ററിനറി സർജൻ | 08 | 6 | 2938000 | 2767000 | 94.18 |
| 6 | വി.ഇ.ഒ | 11 | 9 | 29485000 | 14524201 | 49.25 |
| 7 | ഐ സി ഡിഎസ് സൂപ്പർവൈസർ | 08 | 08 | 4350800 | 4141329 | 95.19 |
| 8 | അസി.സെക്രട്ടറി | 13 | 12 | 1996225 | 1553503 | 77.82 |
| 9 | ഹെഡ് മാസ്റ്റർ | 09 | 6 | 1100000 | 430248 | 39.11 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല

നടപ്പുവർഷത്തിൽ അംഗീകാരം ലഭിച്ച 140 പ്രോജക്ടുകളിൽ 128 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ 91 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധയിനങ്ങളിലായി ലഭിച്ച ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമസഭ

ഗ്രാമസഭ തൻവർഷം 03 തവണയാണ് ചേർന്നിട്ടുള്ളത്. ഗ്രാമസഭാ മിനുട്സിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലുകൾ ഉണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

നടപ്പു വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗമിനുട്സിൽ ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

മോണിറ്ററിംഗ്

പദ്ധതി മാർഗരേഖ പ്രകാരം പദ്ധതി മോണിറ്ററിങ്ങ് അതത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| | | | | | |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19107 | 602731 | 621838 | 586114 | 35724 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 37956493 | 37956493 | 37956493 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 193080 | 204 |
| കർഷകതൊഴിലാളി പെൻഷൻ | 8377100 | 663 |
| വിധവാപെൻഷൻ | 13805700 | 1105 |
| വാർദ്ധക്യകാലപെൻഷൻ | 19347200 | 1492 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3650200 | 268 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2957000 | 243 |
| വിവാഹ ധനസഹായം | 180000 | 6 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-07-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 2527/ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും വിളിച്ച് ചേർക്കുകയും ഫ്രണ്ട് ഓഫീസ് സമ്പ്രദായം മെച്ചപ്പെടുത്തേണ്ടത് സംബനിധിച്ചും, നികുതി പിരിവ് സംബന്ധിച്ചും വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. ജോലി വിഭജന രേഖ സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-02-2020 | 01/2020 | 13-02-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-11-2010 | 2005-2006 മുതൽ 2009-10 വരെ | 20-12-2010 |

## 1-11 വാർഷികകണക്കുകളിലെ അപാകങ്ങൾ

(1)എഫ്.ടി.ഇ.എ&ഒ.എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

(2)പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിരുന്നില്ല.

## 1-12 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2014-15 , 2015-16 കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 40 വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട് . നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 9/35 | ശാന്ത.കെ കളത്തിങ്കിൽ ഹൗസ്, ചിറ്റാരിപ്പറമ്പ് | A2-647/15 23-2-18 | 68.27 (ഒന്നാം നില) | 70 (താഴത്തെ നില) |
| 2 | 12/223 | നാമത്ത് | A2-1487/15 | 89 (ഒന്നാം നില) | 96 (താഴത്തെ നില |

| | | | | | |
|---|---|---|---|---|---|
| | | ഗോവിന്ദൻ, രമ്യശ്രീ, മാനന്തേരി | 20-5-18 | | |
| 3 | 10/45 | പി പി ഷുഹൈബ് ,മാനന്തേരി | A2-2134/15 20-5-18 | 89.6 (ഒന്നാം നില) | 82 (താഴത്തെ നില |
| 4 | 4/43a | വാഴയിൽ പ്രമോദ്, കുന്നുമ്മൽ വീട്, മൊടോളി | A2-2219/15 28-5-18 | 54.17 (ഒന്നാം നില) | 87 (താഴത്തെ നില |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13 തീയതി 15-7-2020) ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് നാളിതുവരെയായും കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ലാത്തതിനാൽ കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും, അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉപ്പുവരുത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

# 1-13 അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ കാലികമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം 5 അനധികൃത കെട്ടിടങ്ങൾക്ക് താത്കാലിക നമ്പർ അനുവദിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ 2013-14 കാലയളവിലെ അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ അനധികൃത കെട്ടിടം സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ 2016-17, 2017-18 കാലയളവിൽ താത്കാലിക നമ്പർ അനുവദിച്ച രണ്ട് കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച രജിസറ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ രജിസറ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഇത്തരം കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ.എ.) പ്രകാരമുള്ള നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ഇ-പെയ്മെന്റ് സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി അടവാക്കുന്നതിനായി നിലവിൽ ഇ-പെയ്മെന്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്. 2018-19 വാർഷിക ധനകാര്യ പത്രിക (RP 43) പ്രകാരം വസ്തുനികുതി പിരിവ് കണക്കുകൾ പരിശോധിച്ചതിൽ തൻവർഷത്തെ വസ്തുനികുതി കളക്ഷനും അരിയർ കളക്ഷനും ഉൾപ്പെടെ ആകെ 3080033 രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 107550രൂപ മാത്രമാണ് ഇ-പെയ്മെന്റ് വഴി ലഭ്യമായിട്ടുള്ളത്. ആകെ പിരിച്ചെടുത്ത തുയുടെ 3.5% മാത്രമാണിത്. സ്മാർട്ട് ഫോണുകളുടെയും ഇന്റർനെറ്റിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഇ-പെയ്മെന്റ് സംവിധാനത്തെകുറിച്ച് വ്യാപകമായ പ്രചരണവും ബോധവത്കരണവും നൽകുന്നതുവഴി ക്രമേണ ക്യാമ്പ് കളക്ഷൻ പോലുള്ള പിരിവ് രീതികൾ ഒഴിവാക്കാനും മാനുഷിക അധ്വാനം കുറച്ച് കൊണ്ട് ജോലിയിൽ കൃത്യത ഉറപ്പുവരുത്താനും സാധിക്കുന്നതാണ്.

## 1-15 റേഷൻകടകൾക്കും കള്ളു ഷാപ്പുകൾക്കും ലൈസൻസില്ല

ഗ്രാമപഞ്ചായത്തിന്റെ 18-19 പദ്ധതി രേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 9 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2018-19 വർഷത്തെ FTEA&OS ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരു റേഷൻ കടയ്ക്കു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമായി. റേഷൻകടകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെയും റേഷൻ വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 17 തീയ്യതി : 17-07-2020 ന് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 കള്ളുഷാപ്പുകളും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. കള്ളുഷാപ്പുകൾ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യാപാരസ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതുമാണ്.

## 1-16 സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ തദ്ദേശസ്വയംഭരണസ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയിട്ടുണ്ടോ എന്നുറപ്പുവരുത്താനായിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

# 1-17 അനർഹമായി ഉത്സവ ബത്ത നല്കി-ചെലവു തുക ₹2750/ നിരാകരിക്കുന്നു

2017-18ലെ ഉത്സവബത്ത ഇനത്തിൽ ശ്രീ.ജയിംസ് എ,ഓഫീസ് അറ്റന്റന്റിന് (റിട്ട.) ₹2750/(വൗച്ചർ നം.21800378/03-09-2018 പ്രകാരം) അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി)124/2018/ധന. തീ.08-08-2018 പ്രകാരം ഉത്സവബത്ത അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവിലെ ഖ.6(i) മുതൽ ഖ.6(xv) വരെയുള്ള വിഭാഗത്തിൽപ്പെട്ടവരുടെ ഉത്സവബത്ത (₹2750/) ജി.ഒ(പി)134/2018/ധന. തീ.18-08-2018 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ജീവനക്കാരുടെ സംഭാവനയായി നല്കിയതായി കണക്കാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജയിംസ് എ,ഓഫീസ് അറ്റന്റന്റിന് (റിട്ട.) ഉത്സവബത്തയ്ക്ക് അർഹതയില്ല. ആയതിനാൽ ഈ ഇനത്തിൽ അനുവദിച്ച ₹2750/ ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കേണ്ടതാണ്.

# 1-18 തെരുവുവിളക്കു പരിപാലനം-ഉപഭോഗത്തിനനുസൃതമായിട്ടാണ് തുക അടവാക്കുന്നതെന്ന് ഉറപ്പുവരുത്തണം

പഞ്ചായത്തു പരിധിയിലുള്ള തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം ഓഡിറ്റിനു ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിരുന്നില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംയുക്ത പരിശോധന (പഞ്ചായത്തു അധികൃതരും കെഎസ്ഇബിയും ചേർന്ന്) 20.01.2016ന ശേഷം നടത്തിയിട്ടില്ല. ആയതിനാൽ ഉപയോഗത്തിനനുസൃതമായാണോ കറന്റ് ചാർജ് അടവാക്കുന്നതെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നം.10/18-19 തീ.15.07.2020), സംയുക്ത പരിശോധന നടത്തുന്നതിനായി കെഎസ്ഇബിക്ക് കത്തുനല്കിയിട്ടുണ്ടെന്ന് അറിയിച്ചു. സംയുക്ത പരിശോധന നടത്തി ഉപയോഗത്തിനനുസൃതമായാണ് കറന്റ് ചാർജ് അടവാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക്

## പ്രാധാന്യം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള 26 അങ്കണവാടികളിൽ കൊന്നോറ, പനത്താറമ്പ്, പൂഴിയോട്എന്നീ അങ്കണവാടികൾക്ക് നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലെന്ന് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. 29-1-2018 ലെ സ ഉ (കൈ)നം11/2018/ത സ്വ ഭവ ഖണ്ഡിക7.8.2(1),(2) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്ന പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ പ്രവർത്തിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-20 മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നത് സംബന്ധിച്ച്.

ചിറ്റാരിപ്പറമ്പ് പഞ്ചായത്ത് മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|
| ബാലൻ വയലേരി | 981543728886 | 23-9-18 | 11/2018 വരെയുള്ള മാസങ്ങളിലെ കർഷകതൊഴിലാളി പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| മനോളി മാധവി | 895163852930 | 29-9-18 | 11/2018വരെയുള്ള മാസങ്ങളിലെ ദേശീയ വാർധക്യകാല പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി |

| | | | |
|---|---|---|---|
| | | | സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സസ്പെൻ്റ് ചെയ്തിട്ടുണ്ട്. |
| പുരുഷോത്തമൻ ചമ്പാടൻ | 648225797358 | 1-10-18 | 4/2019 വരെയുള്ള മാസങ്ങളിലെ ദേശീയ വാർധക്യകാല പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടുണ്ട് |
| കെ കെ ഗോവിന്ദൻ | 914700618360 | 22-10-18 | 11/2018 വരെയുള്ള മാസങ്ങളിലെ ദേശീയ വാർധക്യകാല പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെൻ്റ് ചെയ്തിട്ടുണ്ട്. |
| കൗസു പി വി | 377919547782 | 9-6-18 | 11/2018 വരെയുള്ള മാസങ്ങളിലെ ദേശീയ വാർധക്യകാല പെൻഷൻ കൈപ്പറ്റിയതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്(direct to home).നിലവിൽ സ്റ്റാറ്റസ് ആക്ടീവാണ്. |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെൻ്റ്

ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാത്തത് ഗുരുതരമായ പിഴവായി ഓഡിറ്റിൽ വിലയിരുത്തുന്നു. കൂടാതെ കൗസു പി.വി. എന്നവർ മരണമടഞ്ഞതിന് ശേഷമുള്ള ജൂലായ് 2018 മുതൽ നവംബർ 2018 വരെയുള്ള പെൻഷൻ തുക വീട്ടിൽ എത്തിച്ചത് കൈപ്പറ്റി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് എപ്രകാരമാണ് കൈപ്പറ്റിയത് എന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-16തീയതി 16-7-2020)ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ വിവരങ്ങൾ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കി സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുൻകാലങ്ങളിൽ ഉൾപ്പെടെ മരണപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ഇതേ രീതിയിൽ കൈമാറ്റം ചെയ്യാനുള്ള സാധ്യത പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

## 1-21 ഭിന്നശേഷിയുള്ളവർക്ക് ഉപകരണനിർണയ ക്യാമ്പ് -പരിശോധകർക്ക് ഹോണറേറിയം നൽകിയത് ₹7,500 ഓഡിറ്റിൽ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

| പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ/ഫണ്ട് | ചെലവ് തുക | ചെക്ക് നമ്പർ,തീയ്യതി |
|---|---|---|---|
| 27/19<br>ഭിന്നശേഷിയുള്ളവർക്ക് ഉപകരണനിർണ്ണയ ക്യാമ്പ് | ₹30,000(തനത് ഫണ്ട്) | ₹28,419 | 1241395/17-01-19 |

ഗ്രാമപഞ്ചായത്തിലെ ശാരീരികവൈകല്യങ്ങൾ ഉള്ളവരെ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. സ.ഉ(കൈ)നമ്പർ 22/18/ത.സ്വ.ഭ.വ തീയ്യതി 14-02-18 ഖണ്ഡിക 7.1.3 നെ അടിസ്ഥാനപ്പെടുത്തിയാണ് മേൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോപീഡിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ് , ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ക്യാമ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം പങ്കെടുത്ത പരിശോധന ടീമിന് റിഫ്രഷ്മെന്റിനുള്ള ചെലവുകൾ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ് എന്നാണ് ഉത്തരവിൽ പറയുന്നത്. എന്നാലിവിടെ പരിശോധനയിൽ പങ്കെടുത്ത വിദഗ്ധർക്ക് ഹോണറേറിയം നൽകുന്നതിനായി ₹7500 ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പേര് | ഹോണറേറിയം(₹) |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ഡോ.അനുപി.കെ<br>അസി.സർജൻ | 1500 |
| 2 | ഡോ.എ.ബി സന്തോഷ്<br>ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്) | 1500 |
| 3 | ഉമേഷ് കെ.പി<br>ഓർത്തോടെക്നീഷ്യൻ | 1500 |
| 4 | അമൃത വി.സി<br>ഒപ്റ്റോമെട്രിസ്റ്റ് | 1500 |
| 5 | കിന്റു ചന്ദ്ര<br>മാസ്റ്റർ ഇൻ ഓഡിയോളജി &സ്പീച്ച് | 1500 |
| ആകെ | | 7500 |

ക്യാമ്പ് നടത്തിയ വിദഗ്ധരുടെ സംഘത്തിനു റമ്യൂണറേഷൻ നൽകിയത് ഏത് മാനദണ്ഡപ്രകാരമെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/2018-19 തീയ്യതി 14-07-2020 ന് ഇവർക്ക് റിഫ്രഷ്മെന്റിനും യാത്രാച്ചെലവിനുമുള്ള തുകയാണ് നൽകിയത് എന്നാണ് മറുപടി നൽകിയത്. എന്നാൽ ക്യാമ്പിലെ റിഫ്രഷ്മെന്റ് ചെലവുകൾക്കായി ₹12,530 മേൽ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. യാത്രാചെലവ് നൽകാൻ ഉത്തരവിൽ വ്യവസ്ഥയില്ല. ആയതിനാൽ യാത്രാചെലവ് ഇനത്തിൽ ചെലവഴിച്ച ₹7,500 ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി - ഭവനനിധി രൂപീകരിച്ചില്ല

2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ലൈഫ് ഭവനപദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ/ഫണ്ട് | ചെലവ് തുക |
|---|---|---|
| 28/19<br>ലൈഫ് മിഷൻ ഭവനപദ്ധതി(ജനറൽ) | ₹28,00,000 (വികസനഫണ്ട്) | ₹28,00,000(വികസനഫണ്ട്)<br>₹25,68,461(ബ്ലോക്ക് പഞ്ചായത്ത്) |

| | | |
|---|---|---|
| | ₹25,68,461 (ബ്ലോക്ക് പഞ്ചായത്ത്) ₹14,27,210 (ജില്ലാപഞ്ചായത്ത്)<br>₹16804329(വായ്പ) | ₹14,27,210(ജില്ലാപഞ്ചായത്ത്)<br>₹4680000(വായ്പ) |
| 32/19<br>ലൈഫ് മിഷൻ ഭവനനിർമ്മാണം പട്ടികവർഗ്ഗം | ₹8,00,000(ടി.എസ്.പി)<br>₹102796 (ബ്ലോക്ക് പഞ്ചായത്ത്) ₹835955 (ജില്ലാപഞ്ചായത്ത്)<br>₹1261249(വായ്പ) | ₹8,00,000 (ടി.എസ്.പി)<br>₹102796(ബ്ലോക്ക് പഞ്ചായത്ത്) ₹695955 (ജില്ലാപഞ്ചായത്ത്)<br>₹165127(വായ്പ) |
| 143/19<br>ലൈഫ് പദ്ധതി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | ₹20000 (വികസനഫണ്ട്)<br>₹2,60,000 (തനത്ഫണ്ട്) | ₹20000 (വികസനഫണ്ട്)<br>₹2,60,000 (തനത്ഫണ്ട്) |
| 147/19ലൈഫ് മിഷൻ ഭവനപദ്ധതി ഒന്നാംഘട്ടം അധികതുക വകയിരുത്തുന്നത് | ₹84,000(വികസനഫണ്ട്)<br>₹5,46,000(തനത്ഫണ്ട്) | ₹84,000(വികസനഫണ്ട്)<br>₹4,46,000(തനത്ഫണ്ട്) |

ലൈഫ് ഭവനപദ്ധതിക്കായി ആകെ 58 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. 58 പേരും ആനുകൂല്യം കൈപ്പറ്റി വീട് പണി ആരംഭിച്ചു. 35 പേർ ഇതുവരെയായി വീട് പണി പൂർത്തിയാക്കി.

ലൈഫ് ഭവനപദ്ധതിയുടെ മാർഗ്ഗരേഖ ഉത്തരവ് സ.ഉ 151/2017/തീയ്യതി 31-07-17ൽ ലൈഫ് ഭവനപദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശഭരണസ്ഥാപനത്തിലും ബന്ധപ്പെട്ട അധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടായി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഭവനനിധി രൂപീകരിച്ചിട്ടില്ല. ലൈഫ് ഭവനപദ്ധതിക്കായി ഭവനനിധി രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കാവുന്നതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ തുടങ്ങിയവരിൽ നിന്നും ഒരു ദിവസത്തെ വേതനം ഇതിലേക്ക് സംഭാവനയായി സ്വീകരിക്കാനാണ് ഉത്തരവിൽ നിർദ്ദേശമുള്ളത്. മതിയായ പ്രചരണപരിപാടികളിലൂടെയും സംഭാവന സ്വീകരിക്കാവുന്നതാണ്.

## 1-23 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ

മാലിന്യനിർമ്മാർജനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ വീടുകളിൽനിന്നും പൊതുസ്ഥലങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിങ് യൂണിറ്റിൽ എത്തിക്കുന്നതിന് വേണ്ടി ഒരു ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി സുസ്ഥിര (പ്ലാസ്റ്റിക് നിർമാർജനം) എന്ന പേരിൽ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി പ്ലാസ്റ്റിക് നിർമാർജനത്തിനായി ഹരിതകർമസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനു പ്രതിമാസം 30 രൂപ യൂസർഫീ പിരിക്കുന്നുണ്ടെന്നാണ് വി.ഇ.ഒ അറിയിച്ചത്. ഇത്തരത്തിൽ പിരിക്കുന്ന തുകയ്ക്ക് മാത്രമായി ഹരിതകർമസേന പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടേയും പേരിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ ഹരിതകർമസേന രൂപീകരിച്ചത് 2017-2018 ലാണ്. 15 വാർഡുകളിലായി 3 പേർ വീതം ആകെ 30 അംഗങ്ങളാണുണ്ടായിരുന്നത്. വരുമാന ലഭ്യതയിലെ കുറവ് കാരണം അംഗങ്ങളെല്ലാം പിരിഞ്ഞതിനാൽ 2019-2020ൽ സേന പുനസംഘടിപ്പിക്കുകയാണുണ്ടായത്. അതിനാൽ തന്നെ 18-19 വർഷത്തിൽ പഞ്ചായത്തിൽ യൂസർ ഫീയിനത്തിൽ വരവില്ല. ഇക്കാരണത്താൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഹരിതകർമസേനയുടെ പ്രവർത്തനം ശുഷ്കമാണ്. വീടുകളിലേയും സ്ഥാപനങ്ങളിലേയും അജൈവമാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നതിന് ഹരിതകർമ്മസേനയുടെ സേവനം വിലപ്പെട്ടതാണ്. അതിനാൽ തന്നെ സേനാവളണ്ടിയർമാർക്ക് പ്രതിഫലം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് കൃത്യമായ ബോധവത്കരണം നടത്തി ഹരിതകർമസേനപ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്. ഒരു ഹരിതകർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. അവരുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം. സേനക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം ഹരിതകർമസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മറ്റ് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്.

# 1-24 പാലിയേറ്റീവ് കെയർ - രോഗികളുടെ പേരു വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 26/19 |
| പ്രോജക്ടിന്റ പേര് | പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | ₹9,00,000<br>₹ 7,00,000 വികസനഫണ്ട്<br>₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ₹1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹7,99,691<br>₹ 6,99,691 വികസനഫണ്ട്<br>₹1,00,000 ബ്ലോക്ക് പഞ്ചായത്ത് |

29-10-2015 ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ വിവരം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 18-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 663 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 337 പദ്ധതികളാണ് നടപ്പാക്കിയത്. 2356 പേർക്ക് തൻവർഷം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. 687 പേർക്ക് നൂറുദിനം തൊഴിൽ നൽകുകയുണ്ടായി. കൃഷി, പാർപ്പിടം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളുമായി യോജിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ പ്രോജക്ടുകൾ പ്രകാരം പശു, ആട്, കോഴി എന്നിവ നൽകിയവർക്ക് തൊഴുത്തുകളും കൂടുകളും നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഐ.എ.വൈ പ്രകാരം വീടുകൾ നിർമ്മിച്ചു നൽകിയവർക്ക് കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. 12 നടപ്പാതകൾ നിർമ്മിച്ചു. ഇപ്രകാരം ആസ്തി നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. പൊതുകുളം നിർമ്മാണം പോലുള്ള കുടിവെള്ള പദ്ധതികൾ തയ്യാറാക്കിയെങ്കിലും നടപ്പാക്കിയിട്ടില്ല.

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|
| | | |

| | | |
|---|---|---|
| | കണക്കുകൾ പരിശോധിച്ച തീയതി | തീയതി |
| 2018-19 | 08-07-2019 മുതൽ 09-07-2019 വരെ | കെ.എസ്.എ./കെ.എൻ ആർ./സി.8/1327/19 തീ.14-08-19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 200000 | പാലുല്പാദന ബോണസ്, 18/19 | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് പരിചരണം, 26/19 | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2568461 | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ, 28/19 | 2568461 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 102796 | ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടിക വർഗ്ഗം, 32/19 | 102796 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 66/19 | 200000 | |
| ജില്ലാ പഞ്ചായത്ത് | 200000 | പാലുല്പാദന ബോണസ്, 18/19 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 1427210 | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ, 28/19 | 1427210 | 0 |
| ജില്ലാ പഞ്ചായത്ത് | 835955 | ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടിക വർഗ്ഗം,32/19 | 695955 | 140000 |
| ജില്ലാ പഞ്ചായത്ത് | 20599 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,66/19 | 20599 | 0 |
| ജില്ലാ പഞ്ചായത്ത് | 119000 | നെൽകൃഷിക്ക് കൂലിചെലവ്,16/19 | 119000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക്നം. തീയ്യതി. | മുൻകൂർനൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കെ എസ് ഇ ബി | തെരുവു വിളക്കിന് മീറ്ററിംഗ് സ്ഥാപിക്കൽ, 55/19 | 21800934/24-12-18 | 187986 | 0 | 187986 |
| | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ, 57/19 | 21800933/24-12-18<br>21800935/24-12-18<br>21800915/30-1-19<br>218000943/30-1-19<br>21800818/2-2-19 | 805775 | 0 | 805775 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക(₹) | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി (ലോൺ രജിസ്റ്റർ |
|---|---|---|---|---|---|---|

| | | | | | | | പ്രകാരം) (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ(₹) | പലിശ (₹) | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി | ജിഒ(എംഎസ്)2278/18/ തസ്വഭവ തീയതി 18/8/18 | 12500000 | - | - | - | 12500000 |

# 4-6 സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റ്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| | |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ-ഓപ്പ് സൊസൈറ്റി ലിമിറ്റഡ് (ഷെയർ) സർട്ടിഫിക്കറ്റ് നം.4462തീ.27.06.15 | ₹20000 |
| ആകെ | ₹20000 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച₹1250/ യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ& തിയ്യതി |
|---|---|---|---|---|
| 2015-16 | 2-1 | 1250 | സെക്രട്ടറി, പ്രിയദർശിനി വനിത സഹകരണ സംഘം | 118030103443/10-12-2018 |

| | | | | |
|---|---|---|---|---|
| ആകെ | | 1250 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70781230 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60417366 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2750 | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ,സെക്രട്ടറി |
| 1-21 | 7500 | ഡോ.ഷറീജ് ജനാർദനൻ, അസിസ്റ്റന്റ്സർജൻ |
| ആകെ | 10250 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ,സെക്രട്ടറി | സെക്രട്ടറി,പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് | തെക്കെക്കാട്ടിൽ ഹൗസ്,പെരിങ്ങത്തൂർ, ചൊക്ലി,670672 |
| ഡോ.ഷറീജ് ജനാർദനൻ, അസിസ്റ്റന്റ്സർജൻ | അസിസ്റ്റന്റ്സർജൻ,തൊടീക്കളം പി.എച്ച്.സി | അഞ്ജലി , കോട്ടയം മലബാർ പത്തായക്കുന്ന് 670691 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 , 2009-10 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 6 |
| 2011-12 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 1 |
| 2013-14 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 8 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 3 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി8/1244/19 തീ.30-08-19 | 9 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.8/671/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി:30.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ

സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chittariparamba Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13977666.75 |
| Cash | Cash | RP-40(a) | 41848.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1648650.00 |
| 140000000 | Fees & User Charges | RP-4 | 2495323.00 |
| | | | |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 43798.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40003455.00 |
| 171000000 | Interest Earned | RP-9 | 153451.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9650270.00 |
| 350000000 | Other Liabilities | RP-36 | 163640.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 23260.00 |
| 311000000 | Earmarked Funds | RP-29 | 17690.00 |
| 330000000 | Secured Loans | RP-32 | 12500000.00 |
| 340000000 | Deposits Received | RP-34 | 144009.00 |
| 350000000 | Other Liabilities | RP-36 | 192245.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3736439.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 84800744.75 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3109546.00 |
| 220000000 | Administrative Expenses | RP-12 | 766882.00 |
| 230000000 | Operations & Maintenance | RP-13 | 601706.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5132770.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23937336.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 156891.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 175407.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 440080.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 3775083.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | -375.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 391027.00 |
| 350000000 | Other Liabilities | RP-36 | 5184988.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 1229.00 |
| 311000000 | Earmarked Funds | RP-29 | 56000.00 |
| 340000000 | Deposits Received | RP-34 | 25400.00 |
| 350000000 | Other Liabilities | RP-36 | 2427772.00 |
| 410000000 | Fixed Assets | RP-38 | 10675229.00 |
| 412000000 | Capital work in Progress | RP-40 | 495600.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 2064795.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 24329699.75 |
| Cash | Cash | RP-40(b) | 53679.00 |
| | Grand Total | | 84800744.75 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Chittariparamba Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5431364.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 70848.00 |
| 140000000 | Fee & User Charges | I-4(b) | 2790323.00 |
| 150000000 | Sale & Hire Charges | I-5(b) | 43798.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135673050.00 |
| 171000000 | Interest Earned | I-8 | 153451.00 |
| 180000000 | Other Income | I-9 | 23260.00 |
| | Total Income | | 144186094.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9556950.00 |
| 220000000 | Administrative Expenses | I-11(b) | 766882.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 601706.00 |
| 240000000 | Interest & Finance Charges | I-13 | 1229.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6153006.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62450694.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 157885.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 175407.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 48577280.00 |
| 255000000 | Maintenance Projects | I-14(e) | 3775083.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 272000000 | Depreciation | I-17(a) | 15370789.00 |
| | Total Expenditure | | 148586911.00 |
| | Gross Surplus/ Deficit of income over Expenditure | | -4400817.00 |
| 280000000 | Prior Period Item | I-18 | 257898.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4658715.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Chittariparamba Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -16303903.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 12194.00 |
| 312000000 | Reserves | B-3 | 55895764.00 |
| | Total Reserve & Surplus | | 39604054.15 |
| | | | |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1839749.00 |
| | Total Grants, Contributions for Specific Purposes | | 1839749.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12500000.00 |
| | Total Loans | | 12500000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3396942.00 |
| 350000000 | Other Liabilities | B-9 | 910786.60 |
| | Total Current Liabilities and Provisions | | 4307728.60 |
| | TOTAL LIABILITIES | | 58251531.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 68158591.00 |
| 411000000 | Accumulated Depreciation | B-11 | -37082512.00 |
| 412000000 | Capital Work in Progress | B-11(a) | 942126.00 |
| | Total Fixed Assets | | 32018205.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 307197.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 24383378.75 |
| 460000000 | Loans, Advances and Deposits | B-18 | 1522751.00 |

| | |
|---|---|
| Total Current Assets, Loans and Advances | 26213326.75 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 58251531.75 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.